**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 148** **08-02-2023 - ൽ മറുപടിയ്ക്ക്**

**പാലിന്റെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും വില്പനയ്ക്കായി സംസ്ഥാനത്ത് എത്തിക്കുന്ന പാലിനും പാലുല്പന്നങ്ങൾക്കും മതിയായ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇപ്രകാരം കൊണ്ടുവരുന്ന പാലിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ അംശം ക്ഷീര വികസന വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഹൈഡ്രജൻ പെറോക്സൈഡിന്റെ സാന്നിധ്യം തിരിച്ചറിയാൻ ആറ് മണിക്കൂറിനുള്ളിൽ പരിശോധന നടത്തേണ്ടതുള്ളതിനാൽ ഒരേസമയം ക്ഷീര വികസന വകുപ്പിന്റെയും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെയും പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ? | (സി) | ഒരേസമയം ക്ഷീര വികസന വകുപ്പിന്റെയും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെയും പരിശോധന നടത്തുന്ന രീതി നിലവിലില്ല.ഭക്ഷ്യ സുരക്ഷാനിയമം 2006 പ്രകാരം നിലവിൽ പാൽ,മാംസം ഉൾപ്പടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള അധികാരം ഭക്ഷ്യ സുരക്ഷാ വകുപ്പിനാണ്.ക്ഷീരവികസന വകുപ്പിന് പാലിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനമുണ്ടെങ്കിലും നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം നിലവിലില്ല. ക്ഷീരവികസന ഓഫീസർമാരെ ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം പാലും,പാലുല്പന്നങ്ങളും സംബന്ധിച്ച ഭക്ഷ്യ സുരക്ഷാ ഓഫീസർമാരായി നോട്ടിഫൈ ചെയ്തിട്ടില്ല. അപ്രകാരം നോട്ടിഫൈ ചെയ്യണമെന്ന ആവശ്യം പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ